

# നിറം

# Little Kites

## Govt girls HSS
## VAIKOM



ശിവദർശന

ചീഫ് സ്റ്റുഡന്റ് സ്
മാഗസിൻഎഡിറ്റർ

## പട്ടങ്ങൾ ആകാശം തൊടുമ്പോൾ

ഒരു രാജ്യത്തിന്റെ വികസനത്തിന് അത്യാന്താപേക്ഷിതമായ ഒന്നാണ് വിവരസാങ്കേതികവിദ്യ.നമ്മുടെരാജ്യം വളരെ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കയാണ്.ഗുരുമുഖത്തുനിന്നും അറിവുനേടുന്ന ഒരു തലമുറ ഞങ്ങൾക്ക മുമ്പുണ്ടായിരുന്നു ഇന്ന് അറിവുകൾ നേടാൻ ഒരു വിരൽത്തുമ്പ്മാത്രംമതി. വിവരസാങ്കേതികവിദ്യയുടെ വളർച്ചയിൽ ഞങ്ങൾക്ക് മുന്നേറാൻ ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ് സ്. ഞങ്ങൾ ഈ പരിശീലനത്തിലൂടെ വിവരസാങ്കേതികവിദ്യയുടെ അനന്ത വിഹായസ്സിലേക്ക് പട്ടങ്ങൾപോലെ പറന്ന് നേടിയ ചെറിയ അറിവുകളുടെ മുത്തുകൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.....

# എഡിറ്റോറിയൽ അംഗങ്ങൾ

ശ്രീമതി. സുനിമോൾ എം . ആർ ( ഹെഡ് മിസ്ട്രസ്)

ബിന്ദുമോൾ പി. ആർ ( ഐ റ്റി കോ- ഓർഡിനേറ്റർ )

ബിന്ദുമോൾ പി. ആർ ( കൈറ്റ് മിസ്ട്രസ്)

ജിജ എം. പി ( കൈറ്റ് മിസ്ട്രസ്)

ശിവദർശന ( ചീഫ് സ്റ്റുഡന്റ് എഡിറ്റർ)

ഉത്തര രാജൻ( സബ് സ്റ്റുഡന്റ് എഡിറ്റർ )

അനന്യ എൻ എസ് (സ്റ്റുഡന്റ് പ്രതിനിധി)

ദേവപ്രിയ (സ്റ്റുഡന്റ് പ്രതിനിധി)

## ചീഫ് എഡിറ്റേഴ്സ്

ശ്രീമതി. ബിന്ദുമോൾ പി. ആർ



ശ്രീമതി. ജിജ എം. പി



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ആശംസകൾ

## ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ഹെഡ് മിസ്ട്രസ്



**സുനിമോൾ ടീച്ചർ**

ലിറ്റിൽ കൈറ്റ് സ് പരിശീലനത്തിലൂടെ നിങ്ങൾ നേടിയെടുത്ത അറിവുകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഈ പുതിയ പഠനരീതി നിങ്ങളുടെ ഭാവിയിലേയ്ക്കുള്ള കാൽവെയ്പ്പായിത്തീരട്ടെ, നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുട്ടികൾക്ക് അവരുടെയും, സ്കൂളിന്റെയും യശസ്സ് ഉയർത്തുവാൻ കഴിയട്ടെയെന്നും ആശംസിക്കുന്നു. കൂടാതെ ഈ ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കുന്നതിനും, കൈറ്റ് പരിശീലനം നൽകുന്നതിനും ഇതിനുപിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്ററുമ്മാരായ ഷൈലാ ബീവി ടീച്ചറിനും, സുജാത ടീച്ചറിനും നന്ദിയും, ആശംസകളും നേർന്നുകൊള്ളുന്നു.

എന്ന്
ഹെഡ്മിസ്ട്രസ്
എം ആർ സുനിമോൾ

# ആശംസകൾ

## പി. റ്റി എ പ്രസിഡന്റ്



സമൂഹനിർമ്മാണത്തിന്റെ അടിസ്ഥാനശിലയായ വിദ്യാഭ്യാസം ജനതയുടെ മുന്നോട്ടുള്ള ഗതിയിലെ വഴിവിളക്കാണ്. മാനവ സംസ്കൃതിയുടെ സൂര്യോദങ്ങൾ സംഭവിച്ചത് അക്ഷരക്കൂട്ടങ്ങളുടെ മാറിടത്തിലാണ്. മാതൃക നഷ്ടപ്പെട്ട സമൂഹത്തിൽ പുതിയമാതൃക സൃഷ്ടിക്കാൻ സമൂഹത്തിന്റെ ആത്മാവായ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ഉത്തമ വിദ്യാഭ്യാസത്തിലൂടെ മാതൃക സമൂഹത്തിന്റെ സൃഷ്ടിക്കായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന് പി. റ്റി എ യുടെ എല്ലാ ആശംസകളും നേരുന്നു.

പി. റ്റി എ പ്രസിഡന്റ്
സുമേഷ് കുമാർ

| സീരിയൽ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ശാസ്ത്ര കൗതുകങ്ങൾ | 8 |
| 2. | ശാസ്ത്ര കൗതുകങ്ങൾ | 10 |
| 3. | നവ കേരള നിർമ്മാണത്തിന് വിദ്യാർത്ഥികളുടെ പങ്ക് | 12 |
| 4. | ഒരു മഴയുടെ ഓർമ്മ | 13 |
| 5. | കള്ളിമുൾച്ചെടി | 14 |
| 6. | സ്വപ്ന വ്യാഖ്യാനം | 15 |
| 7. | അമ്പിളി മാമൻ | 16 |
| 8. | DEMERITS OF PLASTICS | 17 |
| 9. | LIFE IS PRECIOUS | 18 |
| 10. | DEDICATION | 19 |
| 11. | പ്രകൃതിയുടെ മഹത്വം | 20 |
| 12. | അവധിക്കാലം നഷ്ടപ്പെടുത്തുന്ന ബാല്യകാലം | 21 |
| 13. | ദൈവത്തിന്റെ മഴ | 22 |
| 14. | कलपना चावला | 23 |
| 15. | अनुशासन कि आवश्यकता | 24 |
| 16. | സൗഹൃദം | 25 |
| 17. | മായപ്പൊന്മാൻ | 26 |
| 18. | A HORSE OR A DONKEY | 27 |
| 19. | IDEONELLA SAKAIENSIS | 28 |
| 20. | തകഴി ശിവശങ്കരപ്പിള്ള | 29 |
| 21. | ഭാരതത്തം ജേതാക്കൾ | 30 |
| 22. | പെരുകി വരുന്ന വൃദ്ധസദനങ്ങൾ | 32 |

# ശാസ്ത്ര കൗതുകങ്ങൾ

## സൂപ്പർ ബാറ്ററികൾ

സാധാരണ ബാറ്ററിയുടെ പത്തിരട്ടി സമയം ചാർജ് നിൽക്കുന്ന സൂപ്പർൂറ്ററികൾ കണ്ടെത്തികഴിഞ്ഞിട്ടുണ്ട് . കാഴ്ചയിൽ ഇത്തിരി കുഞ്ഞൻമാരാണെങ്കിലും ശക്തിയിൽ അതി കേമന്മാരാണിവർ. നാനോസാങ്കേതിക വിദ്യയാണ് ഇതിന്റെ അടിസ്ഥാനം. സാധാരണബാറ്ററിയിൽ ഗ്രാഫേറ്റ് ഇലക്ട്രോഡുകളാണ് പോസിറ്റീവായി ഉപയോഗിക്കുന്നത്. ലിഥിയത്തിന്റെ സഹായത്തോടെ ഇവയുള്ളിൽ ചാർജ് സൂക്ഷിച്ചുവയ്ക്കുന്നു. എന്നാൽപുതിയ സാങ്കേതിക വിദ്യയിൽ ഗ്രാഫേറ്റിന് പകരം സിലിക്കൺ നാനോവയറുകളാണ് ഇലക്ട്രോഡുകളായി ഉപയോഗിക്കുന്നത്. ലിഥിയത്തെക്കാൾ ചാർജ് കപ്പാസിറ്റി കൂടുതലുള്ള മൂലകമാണ് സിലിക്കൺ. ഇതോടെ ബാറ്ററിയുടെ സംഭരണശേഷി 400 മടങ്ങോളം വർദ്ധിക്കും . നമ്മൾ നടക്കുമ്പോൾ ചാർജ്ചെയ്യുന്ന ബാറ്ററികളും റബ്ബർബാൻഡ് പോലെ വലിച്ച് നീട്ടാവുന്ന ബാറ്ററികളും ഉൾപ്പെടെയുള്ള വിവിധ സൂപ്പർ ബാറ്ററികൾ വിപണി കീഴടക്കാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

## വികാരങ്ങളെ നിയന്ത്രിക്കുന്ന ശരീരത്തിലെ രാസപദാർത്ഥങ്ങൾ

ദേഷ്യം സങ്കടം ഇഷ്ടം തുടങ്ങിയ വൈകാരിക സന്ദർഭങ്ങളിലൂടെ നമ്മളോക്കെ കടന്ന് പോകാറുണ്ടല്ലോ. ആ സാഹചര്യങ്ങളിലെല്ലാം ശരീരത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ. ദേഷ്യത്തിന് കാരണമാകുന്ന പ്രധാന രാസവസ്തുവാണ് എപ്പിനെഫ്റിൻ,

അഡ്രിനാലിൻ ,നോൺ അഡ്രിനാലിൻ എന്നും ഇവയെ വിളിക്കും . കോപം

വരുമ്പോൾ അഡ്രിനാലിൻ ഗ്രന്ഥി പൊടുന്നനെ ഉത്പാദിപ്പിക്കുന്ന എപ്പിനെഫ്റിന്റെ തള്ളിക്കയറ്റം കാരണം ശരീരത്തിലെ രക്തസമ്മർദ്ദം ഉയരുകയും ഹൃദയമിടിപ്പ് വർദ്ദിക്കുകയും ചെയ്യുന്നു. ചിലർ വിയർക്കുകയും കണ്ണുകൾ വിടർത്തുകയും മുഖം ചുകപ്പിക്കുകയും ചെയ്യുന്നു. കൈകാലുകളിലേക്ക് രക്തം ഇരച്ച് കയറുകയും ചെയ്യും. ദേഷ്യത്തിന്റെ രാസവസ്തു എന്ന് വിളിക്കുന്ന എപ്പിനെഫ്രിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഇത്തരം ലക്ഷണങ്ങളിൽ നിന്നും മറികടക്കാൻ നിങ്ങൾക്ക് സാധിക്കും സങ്കടം വരുമ്പോഴും ഒരു ഹോർമോൺ ശരീരം പുറപ്പെടുവിക്കുന്നുണ്ട്.ട്രിപ്റ്റോഫാൻ എന്ന അമിനോ ആസിഡ് ഉത്പാദിപ്പിക്കുന്ന ശിറോടോണിനാണ് സങ്കടത്തെയും സന്തോഷത്തെയും നിയന്ത്രിക്കുന്നത് .പരസ്പരം ഇഷ്ടപ്പെടുന്നവർ ഒന്നിച്ചിരിക്കാൻ ആഗ്രഹിക്കുന്നത് ഫിനൈൽ ഈഥൈൽ അമീൻ എന്ന രാസവസ്തുവിന്റെ പ്രവർത്തന ഫലമാണ്.

ശിവാനി പി .എ
10 B

# ശാസ്ത്ര കൗതുകങ്ങൾ

## മരുന്ന് ശവപ്പെട്ടികൾക്ക് പകരം ക്യാപ് സ്യൂൾ

മരണശേഷം ശരീരം ഒരു മരമായി മാറുക .അത് മണ്ണിലേക്ക് തന്നെ ചേരുക. ഇതാണ് ഒരു ജൈവ ക്യാപ്സ്യൂളിന്റെ തത്വം. ഇറ്റലിക്കാരായ രണ്ട് പേർ ഇത് പ്രാവർത്തികമാക്കാനുള്ള പണിപ്പുരയിലാണ്. മൃതദേഹം ഒരു ജൈവ ക്യാപ് സൂളിൽ നിക്ഷേപിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. നൂറ് ശതമാനവും മണ്ണിൽ ലയിക്കുന്ന വസ്തുക്കളാണ് ഇതിനായി ഉപയോഗിക്കുന്നത്. പിന്നീട് ഇത് സാധാരണപോലെ തന്നെ മണ്ണിൽ അടക്കം ചെയ്യും അതിന് ശേഷം മരത്തിന്റെ വിത്ത് ഈ കൂടിന് മുകളിൽ നിക്ഷേപിക്കും .വിത്ത് മുളയ്ക്കുന്നതോടെ ക്രമേണ മരത്തിന്റെ വേരുകൾ മനുഷ്യശരീരത്തിൽനിന്ന് അതിനാവഷ്യമായ പോഷകങ്ങൾ വലിച്ചെടുക്കുകയും മരം വളർന്ന് വലുതാകുകയും ചെയ്യുന്നു. വേണ്ടപ്പെട്ടവർ മരങ്ങളായി മാറിയത് കൊണ്ട് സ്നേഹിക്കപ്പെട്ടവർക്ക് സായൂജ്യമടയുകയും ചെയ്യും. ഇത്തരത്തിൽ മരങ്ങൾ നടുന്നത് വഴി ഭാവിയിൽ പച്ചപ്പ് നിറഞ്ഞ ചെറു വനങ്ങൾ രൂപപ്പെടുകയും ചെയ്യും.

## മഞ്ഞിൽ നിൽക്കുന്ന പെൻഗ്വിനുകളുടെ കാലുകൾ മരവിക്കാത്തതെന്താണ് ?

ഭൂമിയിലെ ഏറ്റവും തണുപ്പുള്ള അന്റാർട്ടിക്ക പ്രദേശങ്ങളിലാണല്ലോ പെൻഗ്വിനുകൾ വസിക്കുന്നത് . കട്ടിയേറിയ തൂവൽക്കുപ്പായമാണ് അവയെ കൊടും തണുപ്പിൽ നിന്നും രക്ഷപ്പെടുത്തുന്നത് . എന്നാൽ ഇവയുടെ കാലുകളിൽ ഇത്തരം തൂവൽക്കൂട്ടമൊന്നുമില്ല . അപ്പോൾ പിന്നെ അവയുടെ കാലുകൾ ഐസിൽ മരവിച്ചു പോതാത്തത് എന്തുകൊണ്ടായിരിക്കുമല്ലേ , ചില സൂത്രവിദ്യകളാണ് അവയെ ഇതിന് സഹായിക്കുന്നത് . കാൽപ്പാദത്തിലേക്ക് ഒഴുകുന്ന രക്തത്തിന്റെ അളവ് നിയന്ത്രിക്കാൻ പെൻഗ്വിനുകൾക്ക് കഴിയും . നല്ല തണുപ്പുള്ളപ്പോൾ രക്തയോട്ടം കുറച്ച് താപനഷ്ടം കുറയ്ക്കാൻ ഈ പറക്കാത്ത പക്ഷികൾക്ക് കഴിയുന്നുണ്ട് . തണുപ്പ് കുറയുമ്പോൾ രക്തയോട്ടം കൂട്ടുകയും ചെയ്യും. പാദത്തിന് മുകളിലേക്ക് എപ്പോഴും ചൂട് രക്തം ഒഴുകാനുള്ള സംവിധാനവും പെഗ്വിനുകൾക്കുണ്ട് . തണുത്ത രക്തവുമായി തിരികെ പോകുന്ന രക്തകുഴലുകൾ ചൂട് രക്തകുഴലുകളോട് ചേർന്നുകിടക്കുന്നതിനാൽ അവയും ചൂട് പിടിക്കും . ഇങ്ങനെ പെൻഗ്വിനുകൾ തങ്ങളുടെ പാദങ്ങളെ തണുപ്പിൽ നിന്നും രക്ഷപെടുത്തുന്നു .

**നന്ദന എസ്**
**10 B**

# നവ കേരള നിർമ്മാണത്തിന് വിദ്യാർത്ഥികളുടെ പങ്ക്

സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്വന്തം സ്കൂളിന്റെ പരിസരം വൃത്തിയാക്കുന്നതിന് സമയം നൽകുന്നതിലൂടെ പരിസരവും അതുപോലെ തന്നെ പല അസുഖങ്ങളും അകറ്റാൻ കഴിയും .

കേരളം എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടി എത്തുന്നത് പുഴകളും അരുവികളും പാടങ്ങളുമൊക്കെയാണ്. പ്രളയം എന്ന കാരണത്താൽ ഇതെല്ലാം നമ്മളിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ഒരു കുട്ടി തന്റെ സമ്പാദ്യം നൽകുകയുണ്ടായി. അതുപോലെ തന്നെ ഒരു വ്യക്തി തന്റെ കടയിലുള്ള വസ്തുങ്ങൾ മുഴുവനും ക്യാമ്പുകളിൽ നൽകുകയുണ്ടായി. അതുപോലെ അന്യസംസ്ഥാനത്തുള്ളവരും ധാരാളം സഹായം നമുക്കായി നൽകി. ഇതിൽ സ്കൂൾകുട്ടികൾ വലിയ തരത്തിലുള്ള സഹായം നൽകിയിട്ടുണ്ട് .അവർ സമത്വം,ഒരുമ,സ്നേഹം,എന്ന മാനുഷിക മൂല്യങ്ങൾക്ക് വില നൽകി. കുട്ടികളുടെ പല പ്രവർത്തനങ്ങളിലൂടെ നവ കേരളത്തെ വാർത്തെടുക്കാൻ നമുക്ക് സാധിച്ചു. നമ്മുടെ അടുത്ത തലമുറയാകുന്ന കുട്ടികൾ നമ്മുടെ അഭിമാനമാകണം.

ജനുവരി ഒന്ന് മുതൽ നവകേരളം സ്ഥാപിക്കാൻ നാം തയ്യാറാവുകയാണ്. അതായത് പ്ലാസ്റ്റിക് വിരുദ്ധകേരളം. കുട്ടികൾ പ്ലാസ്റ്റിക് കുപ്പികൾഉപേക്ഷിച്ച് സ്റ്റീൽ കുപ്പികൾ ഉപയോഗിക്കുന്നു. ഇതിലൂടെ നമ്മുടെ പ്രകൃതിയിലുണ്ടാവുന്ന പല പ്രഷ്നങ്ങളും നമ്മുക്ക് തടയാൻ സാധിക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ഒരു വലിയപ്രശ്നമാണ് പീഡനം. ഇത് ചെയ്യുന്നവർക്ക് കോടതികൾ ഒരു ശിക്ഷയും നൽകുന്നില്ല .ഇന്ന് നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് ഒരു സംരക്ഷണവും കിട്ടുന്നില്ല. ഉതിനെതിരെ കുട്ടികൾമുന്നോട്ടിറങ്ങണം.

മറ്റുള്ളവരെ സഹായിക്കാനും നന്മകൾചെയ്യാനുമുള്ള മനസ്സ് നമ്മൽ സ്കൂളിൽ നിന്ന് നിർമ്മിക്കണം. ഇന്ന് പല മനുഷ്യരും ലഹരി വസ്തുക്കൾക്ക് അടിമകളാണ്.

അനാമിക സുനിൽകുമാർ

10 എ

## ഒരു മഴയുടെ ഓർമ്മ

മാനമിരുണ്ടു കാറുപരന്നു
മിന്നൽപ്പിണറുകൾ ഇടിനാദം
ഇടവപ്പാതി പെരുമഴയായ്
വെള്ളത്തുള്ളികൾ തുള്ളിച്ചാടി
നടുമുറ്റത്തെ വിതാനത്തിൽ
ഉണ്ണിക്കുട്ടൻകപ്പലിലേറി
ഓർമ്മകൾമേയും ചാരു-
കസേരയിലെന്റച്ഛനിരിപ്പൂ
കടലാസ് തോണികൾ കളിവഞ്ചികളായ്
അക്കരെയിക്കരെ നീന്തിനടന്നു
കണ്ണീകനവുകൾ തോരാമഴയായ്
ചാറ്റൽ മഴയുടെ നീറ്റലുമായ്
വെള്ളി വെളിച്ചം പുഞ്ചിരി തൂകും
സൂര്യനെ നോക്കിയിരിപ്പൂ ഞാൻ
ഇന്നും വെള്ളി വെളിച്ചം പുഞ്ചിരി തൂകും
സൂര്യനെ നോക്കിയിരിപ്പൂ ഞാൻ

ശിവപ്രിയ ആർ പ്രഭു
10 ബി

# കള്ളിമുൾചെടി

ഒരിടത്തൊരിടത്ത് മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു . ആ പൂന്തോട്ടത്തിൽ ഭംഗിയുള്ള  റോസ ചെടികൾ ഉണ്ടായിരുന്നു. അവയുടെ നടുവിൽ ഒരു കള്ളിമുൾചെടി വളർന്നിരുന്നു. അവർക്ക് മുള്ള് ചെടിയെ ഇഷ്ടമായിരുന്നില്ല. അവർഅവളെ കളിയാക്കുമായിരുന്നു.അങ്ങനെ വേനൽകാലം വരവായി.ചെടികൾഉണങ്ങി വരണ്ട് തുടങ്ങി.  പക്ഷ മുൾചെടി പ്രശ്നം ഒന്നുമില്ലാതെ വളർന്നു. റോസ ചെടികൾക്ക് കാരണം മനസ്സിലായില്ല. മുള്ള് ചെടി പറഞ്ഞു .എനിക്ക് ജലം ശേഖരിക്കാനുള്ള കഴിവുണ്ട് . ആ ജലമാണ് എന്നെ ഇപ്പോൾ വളരാൻസഹായിച്ചത്. അതിനു ശേഷം മുള്ള് ചെടിയെ കളിയാക്കിയിരുന്ന മറ്റുചെടികൾ അവളോട് കൂട്ട് കൂടാൻ മത്സരിച്ചു.

പ്രവീണ
ആറ് എ

## സ്വപ്ന വ്യാഖ്യാനം

ഒരു ദിവസം അക്ബർ ചക്രവർത്തി വിചിത്രമായ ഒരു സ്വപ്നം കണ്ടു. ഇതായിരുന്നു ആ സ്വപ്നം. ദിവസം തോറും ചക്രവർത്തിയുടെ പല്ലുകളെല്ലാം കൊഴിഞ്ഞുപോകുന്നു. അങ്ങനെ മുപ്പത് ദിവസം കഴിയുമ്പോൾ ഒരു പല്ല് മാത്രം ബാക്കിയാകുന്നു. ആ പല്ല് മാത്രം യാതൊരു കേടും കൂടാതെ ദീർഘകാലം നിൽക്കുന്നു.

ആ സ്വപ്നത്തിന്റെ അർത്ഥം എന്തെന്നറിയാനായി ചക്രവർത്തി ജോത്സ്യന്മാരെ വിളിച്ചു. രാജ്യത്തിലെ ഏറ്റവും പ്രശസ്തരായ മൂന്ന് ജോത്സ്യന്മാരെത്തി. അവർ പ്രശ്നം വച്ച് മറുപടി പറഞ്ഞു. മൂന്ന് പേരും പറഞ്ഞ മറുപടി ഒന്ന് തന്നെ ആയിരുന്നു. അതായത് അക്ബർചക്രവർത്തിയുടെ മരണത്തിനു മുമ്പായി അദ്ദേഹത്തിന്റെ വേണ്ടപ്പെട്ടവരെല്ലാം ഓരോരുത്തരായി മരിക്കും .അവസാനം ചക്രവർത്തിയും.

വ്യാഖ്യാനം കേട്ട് ചക്രവർത്തി ക്ഷുഭിതനായി .യാതൊരു പ്രതിഫലവും കൊടുക്കാതെ അവരെ പുറത്താക്കി. ചക്കവർത്തി വലിയ ദുഖത്തിലായി. ജോത്സ്യൻ പറഞ്ഞത് സത്യമാകുമോ. അനന്തരം ചക്രവർത്തി ബീർബലിനെ വിളിപ്പിച്ചു. സ്വപ്നത്തെ കുറിച്ചും ജോത്സ്യന്മാരുടെ വ്യാഖ്യാനത്തെക്കുറിച്ചും അതുമൂലം തനിക്കുണ്ടായ ദുഖത്തെക്കുറിച്ചും ചക്രവർത്തി ബീർബലിനോട് പറഞ്ഞു. ബീർബൽ ചിന്താധീനനായി.

ആ സ്പ്നത്തിന്റെ അർത്ഥം എന്താണെന്നാണ് നിങ്ങൾക്ക് തോന്നുന്നത്.അക്ബർ ബീർബലിനോടു ചോദിച്ചു . അതിന്റെ അർഥം വളരെ ലളിതവും വ്യക്തവുമാണ്. അങ്ങയുടെ ബന്ധുക്കളെക്കാൾ അധികകാലം അങ്ങ് രാജ്യം ഭരിച്ച് സസുഖം വാഴും.

ബീർബലിന്റെ ഉത്തരം കേട്ടപ്പോൾ ചക്രവർത്തിക്ക് വലിയ ആശ്വാസവും സമാധാനവും തോന്നി. ബീർബലിന് ഒരു വലിയ തുക സമ്മാനമായി നൽകി.

ബീർബലിന് സമ്മാനം ലഭിച്ച വിവരമറിഞ്ഞ് ജ്യോത്സ്യന്മാർ ബീർബലിന്റെ അടുത്തെത്തി. ചക്രവർത്തി കണ്ട സ്വപ്നത്തെക്കുറിച്ച് അങ്ങ് പറഞ്ഞതും ഞങ്ങൾ പറഞ്ഞതും ഒന്ന് തന്നെയാണല്ലോ.പിന്നെ എന്തുകൊണ്ടാണ് ഞങ്ങളെ ആട്ടിപായിക്കുകയും എതേ സമയം അങ്ങേയക്ക് സമ്മാനം ലഭിക്കുകയും ചെയ്തത്. അവർ പരാതിയുടെ സ്വരത്തിൽ ബീർബലിനോട് പറഞ്ഞു.

ബീർബൽ മന്ദഹസിച്ചു. എന്നിട്ട് പറഞ്ഞു. എന്ത് കാര്യമാണെങ്കിലും പറയേണ്ട രീതിയിൽപറയണം എങ്കിൽ മാത്രമെ അത് സ്വീകാര്യമാകൂ. അല്ലാത്ത പക്ഷം ദോഷഫലം ഉണ്ടാകും.

എന്ന്

സ്നേഹപൂർവ്വം

മീനാക്ഷി എം.

5 ബി

# അമ്പിളി മാമൻ

അമ്പിളി മാമൻ
മാനത്തെ മാമനെ കണ്ടോ
മിന്നുന്ന മാമനെ കണ്ടോ
മാമന്റെ പുഞ്ചിരി കണ്ടോ എന്തൊരു ചേലാണ്
മാമന്റെ കണ്ണുകൾ കണ്ടോ
എന്തൊരു ചേലാണ്

**അനാമിയ ഹരി**
**അഞ്ച് എ**

# DEMERITS OF PLASTICS

Today we can hardly look around not spot some item that is made entirely from plastic or has some plastic ingredient. This only proves that from its inception up to now plastic has managed to become

popular buildings material of millions of useful items, but it is not perfect. Plastic has several disadvantages that prevent it from becoming modern human civilization etc…..

**durability**: plastic is light, moldable, sturdy and can have countless form. But oneof the most known features is durability. Plastic is artificialy created polymer compound which survive many centuries before nature is able to degrade

enviornmental harm: decomposing of plastic of plastic product can last from 400 to 1000
years with never degradable components.

**DEVIKRISHNA N M**
**CLASS:8 B**

# LIFE IS PRECIOUS

**The gracefulness of a butterfly**

**how gentle, and fragile they sum**

**Gently fluttering on a calm summer day**

**floating like a dream**

**But sadly there me over,**

**flardly before its begun**

**So enjoy your special**

**movements, like a butterfly in the sun**

**ASWATHY SATHYAN**
**8 B**

# *DEDICATION*

***my first gift and my last,***

***I dedicate this fascicle of songs***

***the only wealth I have just as they are***

***to you.***

***I speak the truth in soberne***
***and say I had rather bring***

***a light to your clear eyes,***

***Had rather hear you praise***

***This bosomful of songs.***

***Rather dedication gives the***

***clemeny of life and fulfill dreams.***

***MALAVIKA A***
***8 B***

# പ്രകൃതിയുടെ മഹത്വം

പ്രകൃതികാരണമാണ് നമ്മുടെ ജീവൻ നിലനിൽകുന്നത്. പ്രകൃതിയില്ലാതെ നമ്മുടെ ജീവിതം അസംഭവ്യമാണ്. പ്രകൃതി നമ്മുക്ക് കാട്ടും, മലയും, പുഴയും നൽകി. നമ്മൾ അതിനെ ഉപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. നമ്മൾ  പ്രകൃതിയെ മനസ്സിലാക്കുന്നില്ല. നാം അറിയാതെതന്നെ അതിനെ വേദനിപ്പിക്കുന്നു. നാം പ്രകൃതിയുടെ ഭാഗമാണ് നമ്മൾ പ്രകൃതിയെ  നശിപ്പിക്കുമ്പോൾ നമ്മൾതന്നെയാണ് നശിക്കുന്നത് . ഇതോന്നും മനുഷ്യൻമനസിലാക്കുന്നില്ല.

മനുഷ്യന്റെ ജീവിതം തന്നെ മാറ്റിമറിച്ച ഒരു മഹാപ്രളയം**2018** ൽ ഒട്ടനവതി ജീവൻ നഷ്ടപ്പെട്ടു. തനിക്ക്  ഒരുപാട് സ്വത്തുക്കളുണ്ടെന്നും, താൻ വളരേ ബലശാലിയാണെന്നും മറ്റും അഹങ്കരിച്ച മനുഷ്യന് ഒരുവലിയ പാഠമാണ് പ്രകൃതി നൽകിയത്. ഒട്ടുമിക്ക അളുകളുടെ വീടുകളിലും വെള്ളം കയറി. പിന്നീട് വൻ ദുരന്തങ്ങളും നേരിട്ടു.അതിനുശേഷം ഓരോ വിദ്യലയങ്ങളും ക്യാമ്പുകളായി മാറി. ശത്രുക്കളെ പോലെ കഴിഞ്ഞ്ഞവർ മിത്രങ്ങളായി.  ജീവിതം എന്താണെന്നും എങ്ങനെ ജീവിക്കണമെന്നും മനുഷ്യൻ മനസ്സിലാക്കി.

ഇതാണ് പ്രകൃതി മനുഷ്യനു നൽകുന്ന പാഠം. വാശിയും വൈരാഗ്യവും കൊണ്ട് ഒന്നും നേടാനില്ലന്നും , സന്തോഷത്തോടെ നല്ലവനായി ജീവിക്കുകയാണ് മനുഷ്യന്റെ യഥാർത്ഥ കടമയെന്നുമാണ്  പ്രകൃതി നൽകുന്ന പാഠം.

**DEVIKRISHNA N M**

**8B**

# അവധിക്കാലം നഷ്ടപ്പെടുത്തുന്ന ബാല്യകാലം

പണ്ടു കാലത്തെ അവധിക്കാലം എന്ന് പറഞ്ഞാൽ ഒരു ആഘോഷമായിരുന്നു. മാർച്ച് മാസത്തെ തീ പാറുന്ന ചൂടിൽ നടക്കുന്ന വർഷാവസാനപരീക്ഷയക്ക് ശേഷം പറമ്പുകളിലെ മാവിൻചുവട്ടിലും, പുഴയോരത്തും ,പാടശേഖരങ്ങളിലും ചിരിച്ചും കളിച്ചും തമ്മിൽ വഴക്കുകൾ ഉണ്ടാക്കിയും പിണങ്ങിയുമൊക്കെയാണ് ആ അവധിക്കാലം ചെലവഴിച്ചുകൊണ്ടിരുന്നത്. എന്തൊരു രസമായിരുന്നു ആ ദിനങ്ങൾ. തറവാട്ടിൽ അമ്മാവൻമാരുടേയും ചിറ്റമാരുടേയും വല്യമ്മമാരുടേയും മക്കൾഎല്ലാവരും ഒത്ത്കൂടുന്ന സമയം രാത്രിയിൽ മുത്തശ്ശിയുടെ മുത്തശ്ശി കഥകൾകേട്ട് തമാശയും ചിരിയുമായി ,നാടൻ മാവുകളിൽ ധാരാളം നിന്നു ധാരാളം മാമ്പഴങ്ങൾ പെറുക്കിയും സാറ്റുകൾ കളിച്ചും ,പുഴയിൽ കല്ലിട്ടാൻകുഴി കളിച്ചും ,കുട്ടിയും കോലും, പച്ചില പഴുത്തില ഓടിയും തലയിൽപന്ത് കളിച്ചും ,തോട്ടിലുള്ള ചെറിയ മത്സ്യങ്ങളെ തോർത്ത് വിരിച്ച് പിടിക്കുകയും , ആ ഗ്രാമത്തിലുള്ള എല്ലാകുട്ടികളും (ആൺപെൺ വ്യത്യാസമില്ലാതെ) മനസ്സുകളിൽ കളങ്കമില്ലാതെ ,വഞ്ചനകളറിയാതെ പരസ്പരസ്നേഹത്തോടെയും , സഹകരണത്തോടെയും ,പരസ്പരം സഹായിച്ചും സംരക്ഷിച്ചും ജീവിച്ച കാലഘട്ടങ്ങൾ സുന്ദരകാലങ്ങൾ ആയിരുന്നു. കൊഴിഞ്ഞുപോയ ബാല്യകാലങ്ങൾ.

ഇന്നത്തെ അവധിക്കാലം വരവായാൽ കുട്ടികൾഇലക്ട്രോണിക് സംവിധാനത്തിലേക്ക് തലതാഴ്ത്തുന്നു. (മൊബയിൽ,കംമ്പ്യൂട്ടർ, ടി വി ,ടാബ്) വാതിലുകൾഅടച്ചിട്ട ഒരു അവധിക്കാലമാണ് ഇപ്പോൾ ലഭിക്കുന്നത്. വരമ്പത്തും പുഴയിലും പോയിട്ട് ചെളിയിൽ ഒന്ന് തൊടാൻ പോലും മടിക്കുന്ന കുട്ടികൾ. ബാല്യകാലം ഏറ്റവും കൂടുതൽ ആഘോഷിച്ചവർ അല്ലെങ്കിൽ അതിന് ഭാഗ്യം ലഭിച്ചവർ നമ്മുടെ അച്ഛനമ്മമാർ ആയിരിക്കും. നമ്മുടെ കളിമുറ്റം നഷ്ടമാകുന്നത് ഇലക്ട്രോണിക് സംവിധാനം മാത്രമല്ല പ്രകൃതി രമണീയമായ പാടശേഖരങ്ങൾ നികത്തിയും മരങ്ങൾ വെട്ടിമാറ്റിയും കെട്ടിടങ്ങൾ നിർമ്മിക്കുന്നതും കളിമുറ്റം നഷ്ടമാകുന്നതിന് കാരണമാകുന്നു. ഇലക്ട്രോണിക് കാലഘട്ടം നമ്മുടെ സുഹൃത്തുക്കളെ ഒരുപാട് അപകടങ്ങളിൽ ചെന്ന് എത്തിക്കുന്നു. നമ്മുടെ ജീവിതത്തിലെ ഏക സമ്പത്ത് അഥവ നമ്മുക്ക് ഓർത്ത് വയ്ക്കാനുള്ള ഒരുപാട് നല്ല നിമിഷങ്ങൾ ലഭിക്കുന്നത് നമ്മുടെ വിദ്യാഭ്യാസകാലഘട്ടത്തിലാണ്. (ബാല്യകാലം) അത് ശരിയായ വിധത്തിലൂടെ നാം ഉപയോഗിക്കണം. നമ്മുടെ ബാല്യം നഷ്ടമായി എന്ന് ചിന്തിക്കാതെ ചിന്തകളെ മാറ്റി എടുക്കണം .അതിന് സമയം ഇനിയുമുണ്ട്.

നമ്മുടെ മാതാപിതാക്കൾക്ക് ലഭിച്ച സൗഭാഗ്യങ്ങൾ നമുക്കും വേണം .ഇലക്ട്രോണിക് സംവിധാനത്തിൽനിന്നും പുറത്ത് വരാം.നല്ലൊരു നാളേക്കായി പ്രാത്ഥനയോടെ ....

ആദിത്യ സജി

10 എ

# ദൈവത്തിന്റെ മഴ

ഒരിടത്ത് ഒരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു . അവിടെ കുറേ ആൾക്കാരുമുണ്ടായിരുന്നു . അവരൊക്കെ വിഷമത്തിലായിരുന്നു. എന്തുകൊണ്ടെന്നാൽ അവിടെ കുറേനാളായിട്ട് വെള്ളമില്ലായിരുന്നു . അതിന് കാരണം അവിടെ വേനൽക്കാലമായിരുന്നു. അതുകൊണ്ട് കിണറും കുളവും വറ്റി . വെള്ളം കിട്ടണമെങ്കിൽ അങ്ങകലെ ദൂരെ പോയി എടുക്കണം . അത് ആ ഗ്രാമത്തിൽ ഉള്ളവർക്ക് വളരെ പ്രയാസമായിരുന്നു . അങ്ങനെയിരിക്കെ ഒരു ദിവസം ദൈവം ഈ ഗ്രാമത്തിലുള്ളവരുടെ പ്രയാസവും വിഷമവും കണ്ടു . ആ കാഴ്ച കണ്ട് ദൈവത്തിന് വളരെ വിഷമമായി . ദൈവം ഉടനെ തന്നെ ആകാശത്ത് നിന്ന് മഴ പെയ്യിച്ചു. ഗ്രാമത്തിലെ കിണറും കുളവും നിറഞ്ഞു . ഗ്രാമത്തിലെ എല്ലാവർക്കും സന്തോഷമായി അവിടെ നിന്ന ഒരാൾ പറഞ്ഞു: അതേ നമ്മുടെ എല്ലാവരുടെയും പ്രാർഥന ദൈവം കേട്ടു . കുട്ടികളെല്ലാം മഴയത്ത് ഓടിയും ചാടിയും കളിച്ചു. ഇത് കണ്ട മാതാപിതാക്കൾക്ക് സന്തോഷമായി. ആ ഗ്രാമത്തിലുള്ള എല്ലാവരും ദൈവത്തോട് നന്ദി പറഞ്ഞു. ഇതുകണ്ട ദൈവത്തിന് സന്തോഷമായി .

ദേവിക പ്രസാദ്
5 ബി

# कलपना चावला

कलपना चावला १ जूलई १९६१-१. फरवरि २००३ ऍक भारतिया आमरिकि आँतरिक्ष शाहल मिशन विशॆष थि -- कलपना चवाला का जन्म हरियाणा कॆ करनाल शाहर मॆं १७ मार्च १९६२ को हुआ था -- उनकॆ पिता बनारसि लाल चावला और माता का नाम सँजयोती  है -- वह अपनॆ परिवाऱ कॆ चार  भाई बहनौं मॆँ सबसॆ छोठी थी--अपनी उच्चा शिक्षा कॆलिऍ कलपना नॆ अमॆरिक्क जानॆ का मन बना लिया -- उसनॆ सदा अपनि महत्वाकांक्षा को मन मॆँ सजाऍ  रखा -- मालविका ऍ

**മീനാക്ഷി മോഹൻ**

**10 എ**

# अनुशासन कि आवश्यकता

मानव जिवन में अनुशासन के महत्वपूर्ण स्थान हैं --कक्षा ,घर, सेना , पाठशाला, दफंतर इत्यादि में अनुशासन के बिना ऐक क्षण भी कार्य नही चल सकता --अनुशासन का अर्थ नियम – बध्द कार्य करना नियन्त्तण में रहना अनुशासन ऐक महान गुण हे -- अनुशासन के बल पर हि किसी राष्ट्र कि उन्नति संभव हें -- मानव जुवन में अनुशासन का प्रशिक्षण वचपन से हि प्रप्त करना चाहिऐ –छात्र को चरिर्त का निर्माण भि अनुशासन दवारा भि हें --अनुशासन से देशा का सुयोग्य नागरिक बन जाते हें

भानुमति
**8 A**

# സൗഹൃദം

ജീവിതത്തിൽ സൗഹൃദങ്ങൾ വളരെ ആവശ്യമാണ് . വീട്ടുകാരോട്ടും, കുടുബാംഗങ്ങളോട്ടും , തുറന്നു പറയാൻ പറ്റാത്ത പലതും കൂട്ടുകാരോട് പങ്കുവെയ്ക്കുവാൻ സാധിക്കും. ഒരേ ചിന്താഗതിയുള്ളവർ ആണ് സുഹൃത്തുക്കള്ള എങ്കിൽ സൗഹൃദങ്ങൾ എക്കാലവും നിലനിൽക്കും.
സന്തോഷത്തിലും, സങ്കടത്തിലും, കൈവിടാത്ത ,ചൂഷണം ചെയ്യാത്ത സുഹൃത്ത് ഏത് ജീവിത ചൂടിലും ചെന്നിരിക്കാനുള്ള ചങ്ങാതി തണൽ അത് ഏറ്റവും വലിയ സമ്പത്താണ്. സുഹൃത്തിനെക്കുറിച്ച് അമേരിക്കൻ ചിന്തകൻ -ഡിക്സി വിത്ഡൺ പറഞ്ഞത് ഇങ്ങനെയാണ് .
'നിങ്ങളുടെ ജന്മ ദിനത്തിൽ വയസ്സ് കണക്കാക്കേണ്ടത് നേടിയ സുഹൃത്തുക്കളുടെ അടിസ്ഥാനത്തിലാണ് . അല്ലാതെ വർഷങ്ങൾ എണ്ണിയല്ല.

യഥാർത്ത സുഹൃത്തുകൾ എന്തെങ്കിലും നേട്ടത്തിനു വേണ്ടിയാവില്ല നമ്മോടൊപ്പം കൂട്ടുക. നമ്മുടെ കുടുംബമഹിമയോ, സമ്പത്തോ, പദവിയോ ഒന്നുംമാവില്ല അടുപ്പത്തിന് സൂചിപ്പിക്കുന്ന അളവുകോൽ, അതിനെല്ലാം എത്തിപ്പിടിക്കാനാവാത്തതിനപ്പുറം എത്രയോ ഉയരത്തിലാകും അവരുടെ മനസ്സിൽ നമ്മുടെ സ്ഥാനം. അത് മനസ്സിലാക്കി കഴിഞ്ഞാൽ ആ സുഹൃത്തുക്കളേ അമൂല്യമായി കരുതി മുന്നോട്ടു കൊണ്ടുപോകണം.

ചങ്ങാത്തത്തിനു മുന്നിൽ അഭിനയിക്കാതിരിക്കുന്ന സൗഹൃദം തരുന്ന പ്രതീക്ഷയും, ആത്മർത്തതയും വളരെ വലുതാണ്.അതുകൊണ്ട് തുറന്ന മനസ്സോടെ പരസ്പരം ഇടപ്പെട്ടാൽ സൗഹൃദങ്ങൾക്ക് കൂടുതൽ തിളക്കമേറും.

സുഹൃത്തുക്കളോടുള്ള ചെറിയ അഭിപ്രായവത്യാസങ്ങൾ തുറന്നു പറയുക , പരിഹരിക്കുക എങ്കിൽ അത് ഒരിക്കലും നഷ്ടപ്പെടില്ല. നമ്മുടെ ജീവിതത്തിലെ അപകട സമയത്ത് എന്നും കൂടെയുള്ളവരാണ് യഥാർഥ സുഹൃത്തുക്കൾ.

ഹരിപ്രിയ സജീൻ
**10 എ**

# മായപ്പൊന്മാൻ

ഭർത്താവേ ! കണ്ടിലയോ കനകമയാമൃഗമെത്രയും ചിത്രം

ചിത്രം രത്നഭൂഷിതമിദം പേടിയില്ലിതിനേതുമിത്രയുമടുത്തു

വന്നീടുന്ന മെരുക്കമുണ്ടെത്രയുംമെന്നും തോന്നും

കളിപ്പാനതിസുഖണ്ടിതു നമ്മുക്കിങ്ങു വിളിച്ചീടുക വരുമെന്ന

തേന്നുന്നനൂനം പിടിച്ചുകൊണ്ടിങ്ങു പേന്നീടുക വൈകീടാതെ

മടിച്ചീടരുതേതു ഭർത്താവേ ! ജഗത്പതേ ! മൈഥിരീവാക്യം

കേട്ടു രാഘവനരുൾ ചെയ്തു സോദരൻ തന്നോടു ''നീ

കാത്തുകൊള്ളുകവേണം സീതയെ, യവളക്കൊരു

ഭയവുമുണ്ടാകാതെയാതുധാനന്മാരുണ്ടു കാനനാതന്നിലെങ്ങും''

*[അധ്യാത്മരാമായണം - എഴുത്തച്ഛൻ ]*

# A HORSE AND A DONKEY

There was a stableman who raised a donkey and a horse together. As a result the donkey used the horse as his learning model. When the horse ate the grass, the donkey learned the same way like the horse did. When the horse took a walk, the donkey followed close behind the horse and learned from the horse to walk slowly. When the horse ran, the donkey also ran. When the horse wanted to sleep, then the donkey followed him to go to sleep. When the horse needed to carry goods, the donkey also carried goods together with the horse. How far the horse walked everyday;so was the donkey as well.

The donkey felt himself to be exactly like a gallant horse. He saw himself with grey hair and short height. He couldn't help himself to fancy:"if I grow so high,strong and handsome like that big white horse, it would be wonderful!When can I become a gallant horse?".

The donkey stayed with the horse , learned to like the horse in everything. Whatever the horse did then he did the same.The strange thing was that after learning and practicing like this for a long time. The donkey really changed.His skin and hair were no longer gray;and his voice also changed to sound a little bite like the horse.

The donkey was very pleased.He like he looked more and more like a real gallant horse.One day , the owner of the donkey sold him to a donkey keeper.The donkey lived with the donkeys all day together.Other donkeys did what then he did the same . Gradually,his hair became gray again.And voice no longer sounded like a horse anymore. It was the voice of a donkey .

The donkey never felt himself looked like a horse again and never fancied to become one either.

ABHIRAMI P

8 B

# IDEONELLA SAKAIENSIS

Ideonella Sakaiensis is a bacterium from genus 'ideonella' and family 'comamondaceae' capable of breaking down and consuming the plastic [polyethylene terephthalate] [PET] as a scole carbon and energy source. The bacterium was orginally isolated from a sediment sample taken outside of a plastic bottle recycling facility in Sakai, Japan.

Ideonella Sakaiensis was first identified in 2016 by a team of researchers led by Kohei Oda of Kyota institute of Technology nd Kengi Miyamoto of Keio university after collecting a sample of PET-contaminated sediment near a plastic bottle recycling facility in Japan. The bacterium was isolated from a consortium of microorganisms  in the sediment sample, including protozoa and yeast-like cells .The entire microbial community was shown to mineralizE 75% of degraded PET into carbon dioxide once it had been initially degraded and assimilated by ideonella sakaiensis.

***BINOMIAL NAME:IDEONELLA SAKAIENSIS***

AAYISHA.A

8-B



## തകഴി ശിവശങ്കരപ്പിള്ള (1912-1999)

മലയാളത്തിലെ പ്രസിദ്ദ നോവലിസ്്റ്റും കഥാകൃത്തും.സമൂഹത്തിൽ താഴേക്കിടയിലുള്ള ജീവിതം പച്ചയായി ആവിഷ്കരിച്ച എഴുത്തുകാരിൽ പ്രമുഖൻ.ആലപ്പുഴജില്ലയിലെ തകഴിയിൽ ജനിച്ചു. പല നോവലുകളും ചിലച്ചിത്രമായിട്ടുണ്ട്. ചെമ്മീൻ എന്ന നോവൽ ഇന്ത്യയിലും വിദേശത്തെയും ഒട്ടുമിക്ക ഭാഷകളിലേക്കും തർജിമ ചെയ്തിരിക്കുന്നു.ജ്ഞാനപീഠം,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ,വയലാർ അവാർഡ്,പത്മഭൂഷൺ ബഹുമതികൾ ലഭിച്ചു.

### പ്രധാന കൃതികൾ

കയർ,ചേമ്മീൻ,രണ്ടിടങ്ങഴി,ഏണിപ്പടികൾ,തോട്ടിയുടെ മകൻ,ചുക്ക്,തെണ്ടിവർഗം,അഞ്ചു പെണ്ണുങ്ങൾ,നരയും പതയും,പെണ്ണ്,ബലൂണുകൾ,ആകാശം,അനുഭവങ്ങൾ,പാളിച്ചകൾ തുടങ്ങി 34 ഓളം നോവലുകൾ.അടിയൊഴുക്കുകൾ,ഒരു കുട്ടനാടൻ കഥ,നിത്യകന്യക,ഇങ്ക്വിലാബ്,ഘോഷയാത്ര,പ്രതിജ്ഞ,ചരിത്രസത്യങ്ങൾ,അവൻ പിറന്ന നാട് തുടങ്ങിയ 17 ഓളം കഥാസമാഹാരങ്ങൾ.അമേരിക്കൻ തിരശ്ശീല-യാത്രാ വിവരണം,എന്റെ വക്കീൽ ജീവിതം,ഓർമ്മയുടെ തീരങ്ങൾ-ആത്മകഥകൾ.

ഉത്തര രാജൻ

കൈറ്റ് പ്രതിനിധി

# ഭാരതത്നം ജേതാക്കൾ

1.എസ്.രാധാക്രഷ്ണൻ 1954

2.സി.രാജഗോപാലാചാരി 1954

3.സി.വി.രാമൻ 1954

4.ജവഹർലാൽ നെഹ്റു 1955

5.എം.വിശ്വേശ്വരയ്യ 1955

6.ഭഗ്വാൻ ദാസ് 1955

7.ജി.ബി.പന്ത് 1957

8.ഡി.കെ.കാർവെ 1958

9.ബി.സി.റോയ് 1961

10.പി.ഡി.ടണ്ഡൺ 1961

11.രാജേന്ദ്രപ്രസാദ് 1962

12.സക്കീർ ഹുസൈൻ 1963

13.പി.വി കാനെ 1963

14.ലാൽ ബഹദൂർ ശാസ്ത്രി 1966

15.ഇന്ദിരാ ഗാന്ധി 1971

16.വി.വി.ഗിരി 1975

17.കെ.കാമരാജ് 1976

18.മദർ തെരേസ 1980

19.വിനോബ ഭാവെ 1983

20.ഖാൻ അബ്ദുൾ ഗാഫർ ഖാൻ 1987

21.എം.ജി.രാമചന്ദ്രൻ 1988

22.ബി.ആർ.അംബേദ്കർ 1990

23.നെൽസൺ മണ്ടേല 1990

24.മൊറാർജി ദേശായി 1991

25.രാജീവ് ഗാവന്ധി 1991

26.സർദാർ വല്ലഭായി പട്ടേൽ 1991

27.അബ്ദുൾ കലാം ആസാദ് 1992

28.ജെ.അർ.ഡി.ടാറ്റ 1992

29.സത്യജിത് റായ് 1992

30.ഗുൽസാരിലാൽ നന്ദ 1997

31.അരുണ ആസഫ് അലി 1997

32.എ.പി.ജെ.അബ്ദുൾ കലാം 1997

33.എ്.എസ്.സുബ്ബലക്ഷമി 1998

34.സി.സുബ്രഹ്മണ്യം 1998

35.ജയപ്രകാശ് നാരായൺ 1998

36.അമർത്യ സെൻ 1999

# പെരുകി വരുന്ന വൃദ്ധസദനങ്ങൾ

കേരളത്തിൽ വൃദ്ധസദനങ്ങളുടെ എണ്ണം കൂടിവരുകയാണ്. മുന്പ് പാശ്ചാത്യരാജ്യങ്ങളിൽ മാത്രം കണ്ടിരുന്ന പ്രവണത ഇപ്പോൾ നമ്മുടെ കൊച്ച് കേരളത്തിലേക്കും പടർന്നിരിക്കുന്നു. ജനസംഖ്യ നിയന്ത്രണം മാത്രമല്ല വൃദ്ധസദനങ്ങൾ പെരുകാൻകാരണം .കൂട്ട് കുടുംബങ്ങൾ ഉണ്ടായിരുന്നിടത്ത് ഇന്ന് അണുകുടുംബങ്ങൾ വന്നതാണ് മുഖ്യകാരണം.വാർദ്ധക്യം എന്നത് ശൈശവം ബാല്യം കൗമാരം യൗവ്വനം എന്നത് പോലെ ജീവിതത്തിന്റെ സ്വാഭാവിക പരിണാമം മാത്രമാണ്. എങ്കിലും ഇന്ന് അധികം പേർക്കും അതൊരു ഭാരമാണ്. ജീവിതത്തിന്റെ സായം സന്ധ്യയിൽ സ്നഹത്തോടെ പരിപാലിക്കപ്പെടാനും സ്വന്തം മക്കൾതങ്ങൾക്ക് താങ്ങും തണലുമാകാനും ആരും കൊതിക്കും .എന്നാൽ ഇന്ന് നഗരജീവിതത്തിന്റെ തിരക്കുകളിൽ പ്പെട്ട് പണത്തിനും ആർഭാടജീവിതത്തിനും പുറകേ ഓടുന്ന പുതു തലമുറ ഇവരെ പരിപാലിക്കാൻ സമയം കണ്ടത്താറില്ല. നാടടിൽ പെരുകി വരുന്ന വൃദ്ധസദനങ്ങൾ ഈ നിദമനത്തിന് ആക്കം കൂട്ടുന്നു. മക്കളുടേയും ഉറ്റവരുടെയും അവഗണന വൃദ്ധമാതാപിതാക്കളെ മാനസികമായും ശാരീരികമായും തളർത്തും. ഏറെ പരിഗണിക്കപ്പെടേണ്ട അവസ്ഥയിലാണ് അവർഅവഗണിക്കപ്പെടുന്നത് എന്നത് അവരിലെ മാനസികാഘാതത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു. വൃദ്ധസദനത്തിലും ശരണാലയത്തിലുമൊക്ക അയച്ച് പ്രായമായവരെ മാറ്റി നിർത്തുക വഴി അവർക്ക് ജീവിതത്തിൽനിന്നും പിന്മാറാനുള്ള സൂചന നൽകുകയാണ് ചെയ്യുന്നത് .വാർദ്ധക്യം എന്നത് ശൈശവത്തിലേക്കുള്ള തിരിച്ച്പോക്കാണ്. പ്രായം കൂടിവരുമ്പോൾ അവരുടെ സ്വഭാവം കുട്ടികളുടേത് പോലെയാകുന്നു. നാളെ നമുക്കും ഇതേ അവസ്ഥ വരാനുണ്ട് എന്നകാര്യം മറക്കാതിരിക്കുക. നാളെ നാം ഇങ്ങനെ ഒരവസ്ഥയിൽ എത്തുമ്പോൾ ഇന്നത്തെ നമ്മുടെ സ്ഥനത്തേക്ക് നാമിന്ന് സ്നേഹത്തോടെ സന്തോഷത്തോടെ പോറ്റിവളർത്തുന്ന മക്കൾ വളർന്നുവരുന്നു എന്നതും നാം ഓർമ്മിക്കുക.

ശിവപ്രിയ എസ്

9 ബി

# Parents Awareness Class




# LittleKites Basic Training – 2019-2021






LittleKites students-supporting another students

**കോട്ടയം ജില്ലാ കലോത്സവത്തിൽ ഓട്ടൻ തുള്ളൽ ഒന്നാം സ്ഥാനം, ഭരതനാട്യം ഒന്നാം സ്ഥാനം, മോഹിനിയാട്ടം എ ഗ്രേഡ് നേടിയ കുമാരി ഗൗരിമോൾക്ക് ആശംസകൾ**







**കലോത്സവം, ശാസ്ത്രം,സോഷ്യൽസയൻസ്,ഐ റ്റി,പ്രവർത്തി പരിചയം,ഗണിത മേളകൾക്ക് വിജയികൾക്ക് ആശംസകൾ**



## 2018-19 എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയത്തിനും ഉയർന്ന മാർക്കുനേടിയ വിജയികൾക്കും ആശംസകൾ








**THANKS**

